**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4530** **25-06-2019 ൽ മറുപടിക്ക്**

**ഭൂമി കയ്യേറ്റം തടയുന്നതിന് നടപടി**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി സി.കെ ആശ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭൂമി കയ്യേറ്റം തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 1957 ലെ കേരള ഭൂസംരക്ഷണ നിയമവും 1958 ലെ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും 2009 ലെ കേരള ഭൂസംരക്ഷണ ഭേദഗതി നിയമപ്രകാരമുള്ള ശിക്ഷാ നടപടികളും സ്വീകരിച്ചു വരുന്നു. നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10.09.2018 ലെ സർക്കാർ ഉത്തരവ് (സാധാ) 3778/18/റവ നമ്പർ ഉത്തരവിൻ പ്രകാരം കയ്യേറ്റം ഒഴിപ്പിയ്ക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറെയും അസിസ്റ്റന്റ് കമ്മീഷണറെയും ഉൾപ്പെടുത്തി മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും സ.ഉ (സാധാ) നം.4903/2018/റവ തീയതി 26.11.2018 പ്രകാരം അധിക നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. അതനുസരിച്ചുള്ള തുടർ നടപടി സ്വീകരിച്ചു വരുന്നതുമാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ അതാത് വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമിയിലെ കയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമികയ്യേറ്റം ഒഴിപ്പിച്ചെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്താകെ 221.4337 ഹെക്ടർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിച്ചെടുത്തിട്ടുണ്ട്. |
| (സി) അവധി ദിവസങ്ങളിലാണ് കൂടുതൽ ഭൂമികയ്യേറ്റം എന്നത് കണക്കിലെടുത്ത് ആയത് തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (സി) 10.09.2018 ലെ സ.ഉ (സാധാ) 3778/18/റവ പ്രകാരം സർക്കാർ ഭൂമി കൈയ്യേറ്റത്തിനെതിരെ ജില്ലാ തലത്തിലും താലൂക്ക് തലത്തിലും രൂപീകരിച്ച മോണിട്ടറിംഗ് സെൽ, രണ്ടാം ശനി, ഞായർ ഉൾപ്പെടെയുള്ള പൊതു അവധി ദിവസങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കയ്യേറ്റങ്ങൾ തടയുന്നതിന് ജാഗ്രത സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; ഈ സ്ക്വാഡുകളുടെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | (ഡി) | ഉണ്ട്. ടി സ്ക്വാഡുകൾ സ്ഥലപരിശോധന ഉൾപ്പെടെ നടത്തി നടപടികൾ സ്വീകരിച്ചു വരുന്നു. രണ്ടാം ശനി, ഞായർ ഉൾപ്പെടെയുള്ള പൊതു അവധി ദിവസങ്ങളിലും ടീം മോണിട്ടറിംഗ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ഇ) | ഭൂമി കയ്യേറ്റത്തിനെതിരെ സ്വീകരിക്കുന്ന നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഭൂസംരക്ഷണ നിയമം ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | നിലവിലുള്ള ഭൂസംരക്ഷണ നിയമം ശാക്തീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**